| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| പതിനാറാം സമ്മേളനം | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.36 | 08/02/2016 ൽ മറുപടിക്ക് |
| ഉദ്യോഗസ്ഥർക്കെതിരെയുള്ള വിജിലൻസ് കേസുകൾ | |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.തിലോത്തമൻ | | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യ മന്ത്രി) |
| (എ) | വിവിധ വകുപ്പുകളിൽ അഴിമതി കാണിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ ഈ സർക്കാർ കാലയളവിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) യും (ബി) യും | വിവിധ വകുപ്പുകളിലെ അഴിമതികളെക്കുറിച്ചുള്ള ആരോപണങ്ങളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന, സത്വരാന്വേഷണം, വിജിലൻസ് അന്വേഷണം എന്നിവ നടത്തി കുറ്റക്കാരെന്ന് കണ്ടെത്തിയവർക്കെതിരെ വകുപ്പുതല നടപടിയ്ക്ക് ശുപാർശ ചെയ്യുകയോ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയോ ചെയ്തു. കേസുകളുടെ വകുപ്പുതിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇത്തരം ജീവനക്കാരിൽ എത്രപേർക്കെതിരെ വിജിലൻസ് കേസുകൾ എടുത്തിട്ടുണ്ടെന്ന പറയാമോ; ഡിപ്പാർട്ട്മെന്റ്, തസ്തിക എന്നിവ തിരിച്ചുള്ള കണക്ക് നൽകാമോ; | | |
| (സി) | സർക്കാർ ജീവനക്കാർക്കെതിരെ അഴിമതിയുടെ പേരിൽ ഉണ്ടായിട്ടുള്ള കേസുകളിൽ എത്രകാലമെടുത്താണ് തീർപ്പുണ്ടാകുന്നത് എന്ന പറയാമോ; | (സി) | വിജിലൻസ് കേസുകളുടേയും വിവിധ അന്വേഷണങ്ങളുടേയും ബാഹുല്യം, അന്വേഷണ ഉദ്യോഗസ്ഥരുടെ അപര്യാപ്തത എന്നിവയും കുറ്റാരോപിതർ, സാക്ഷികൾ, എന്നിവരുടെ മൊഴികൾ യഥാസമയം ലഭിക്കാതെ വരുക, തെളിവുകളുടെ രേഖകൾ യഥാസമയം ലഭിക്കാതിരിക്കുക എന്നിവ കാരണവും വിജിലൻസ് കേസുകളുടെ അന്വേഷണം പൂർത്തിയാകുന്നതിന് കാലതാമസം ഉണ്ടാകാറുണ്ട്. അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം വിജിലൻസ് കോടതികളിൽ സമർപ്പിച്ച കേസുകളിൽ വിചാരണ നടപടികൾ പൂർത്തിയാക്കുന്നതിന് ശരാശരി ഒരു വർഷം മുതൽ 20 വർഷം വരെ സമയം എടുക്കാറുണ്ട്. ഇപ്രകാരം വിജിലൻസ് കോടതികളിലെ കാലതാമസം ഒഴിവാക്കാൻ സർക്കാർ രണ്ടു കോടതികൾ കൂടി അനുവദിച്ചിട്ടുണ്ട്. തുടർന്ന് ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്ന അപ്പീലുകളിൽ തീർപ്പാക്കുന്നതിന് ശരാശരി ഒന്നു മുതൽ 8 വർഷം വരെ സമയം എടുക്കുന്നുണ്ട്. തുടർന്ന് സുപ്രീം കോടതിയിൽ ഫയൽ ചെയ്യുന്ന അപ്പീലുകളിൽ തീർപ്പുകൾ കൽപ്പിക്കുന്നതിന് ഒന്നു മുതൽ അഞ്ചു വർഷം വരെ ശരാശരി സമയം എടുക്കുന്നുണ്ട്. |
| (ഡി) | തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കേസുകൾ എടുക്കുകയും ജീവനക്കാരെ തലങ്ങും വിലങ്ങും കേസിന്റെ പേരിൽ സ്ഥലംമാറ്റുകയും കേസിന്റെ തീർപ്പിന് കാലവിളംബം ഉണ്ടാക്കി ജീവനക്കാരെ വഴിയാധാരമാക്കുകയും ചെയ്യുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുവാനും ജീവനക്കാരെ അകാരണമായി കേസുകളിൽ പെടുത്താതിരിക്കാനും എന്തെല്ലാം നടപടികൾകൈക്കൊണ്ടുവെന്നും വ്യക്തമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം



| ക്രമ നമ്പർ | വകുപ്പ് | ഗസറ്റഡ് | നോൺ ഗസറ്റഡ് | മറ്റുള്ളവർ |
|---|---|---|---|---|
| 1 | സാമൂഹ്യനീതി | -- | 2 | 4 |
| 2 | കൃഷി | 8 | 41 | 10 |
| 3 | മൃഗസംരക്ഷണം | 8 | -- | 3 |
| 4 | സഹകരണം | 5 | 28 | 88 |
| 5 | പൊതുവിതരണം | 8 | 32 | 68 |
| 6 | ദേവസ്വം | 2 | 16 | 55 |
| 7 | വിദ്യാഭ്യാസം | 24 | 35 | 23 |
| 8 | എക്സൈസ് | 8 | 22 | 5 |
| 9 | മത്സ്യ ബന്ധനം | 5 | 2 | 3 |
| 10 | വനം | 7 | 13 | 4 |
| 11 | ഹാർബർ എഞ്ചിനീയറിംഗ് | 17 | 4 | 4 |
| 12 | ആരോഗ്യം | 6 | 15 | 7 |
| 13 | വ്യവസായം | 10 | 15 | 11 |
| 14 | ജലസേചനം | 13 | 13 | 16 |
| 15 | നീതിന്യായം | 2 | 4 | -- |
| 16 | കാഡ്കോ | -- | -- | 2 |
| 19 | കേരള അഗ്രോ ഇൻഡസ്ട്രീസ് | -- | -- | 2 |
| 20 | കെൽ | -- | -- | 4 |
| 21 | ഖാദി | -- | -- | 8 |
| 22 | കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ | -- | -- | 6 |
| 23 | കേരള സംസ്ഥാന വിദ്യുത്ച്ഛക്തി ബോർഡ് | 3 | 3 | 12 |
| 24 | കേരള സംസ്ഥാന ജല അതോറിറ്റി | 8 | 11 | 2 |
| 25 | തദ്ദേശ സ്വയംഭരണ വകുപ്പ് | 56 | 88 | 70 |
| 26 | മോട്ടോർ വാഹന വകുപ്പ് | 41 | 59 | 43 |
| 27 | നിർമ്മിതി കേന്ദ്രം | -- | 1 | -- |
| 28 | പഞ്ചായത്ത് | 38 | 53 | 102 |
| 29 | മലിനീകരണ നിയന്ത്രണ ബോർഡ് | 3 | 2 | 8 |
| 30 | പോലീസ് | 16 | 26 | 10 |
| 31 | പോർട്ട് | 5 | -- | 8 |
| 32 | പൊതുമരാമത്ത് | 37 | 42 | 25 |
| 33 | ഗ്രാമവികസനം | 12 | 15 | 27 |
| 34 | രജിസ്ട്രേഷൻ | 21 | 6 | 23 |
| 35 | റവന്യൂ | 39 | 193 | 192 |
| 36 | സയൻസ് പാർക്ക് | 1 | -- | -- |

| ക്രമ നമ്പർ | വകുപ്പ് | ഗസറ്റഡ് | നോൺ ഗസറ്റഡ് | മറ്റുള്ളവർ |
|---|---|---|---|---|
| 37 | മണ്ണ് സംരക്ഷണം | 2 | 1 | -- |
| 38 | പട്ടിക വർഗ്ഗ വികസനം | 7 | 9 | 15 |
| 39 | സപ്ലൈകോ | -- | 2 | -- |
| 40 | സർവ്വേയും ഭൂരേഖയും | 7 | 19 | 14 |
| 41 | വാണിജ്യ നികുതി | 26 | 7 | 16 |
| 42 | നഗരകാര്യം | 23 | 32 | 28 |
| 43 | ആർട്ടിസൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ | -- | 2 | -- |
| 44 | ഏഷ്യാനെറ്റ് | -- | -- | 1 |
| 45 | സി - ആപ്റ്റ് | 1 | 1 | 3 |
| 46 | കയർഫെഡ് | -- | 3 | 5 |
| 47 | ഡ്രഗ്സ് കൺട്രോൾ | -- | 1 | -- |
| 48 | ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് | 1 | -- | -- |
| 49 | ഫയർ ആന്റ് റസ്ക്യൂ | -- | 1 | -- |
| 50 | വനം | 1 | 4 | 2 |
| 51 | ഉന്നത വിദ്യാഭ്യാസം | 2 | 3 | -- |
| 52 | ഹോമിയോപ്പതി | 1 | -- | -- |
| 53 | ഇൻഫർമേഷൻ ടെക്നോളജി | 3 | -- | 4 |
| 54 | ഉൾനാടൻ ജലഗതാഗതം | 3 | 3 | 4 |
| 55 | കേരള ആട്ടോമൊബൈൽസ് | -- | -- | 4 |
| 56 | കേരള ടൂറിസം വികസന കോർപ്പറേഷൻ | 2 | -- | 4 |
| 57 | കേരള ട്രാൻസ്പോർട്ട് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ | 5 | 8 | 28 |
| 58 | നിയമം | 1 | 2 | -- |
| 59 | മൈനിംഗ് ആന്റ് ജിയോളജി | 3 | 7 | 3 |
| 60 | സേവന നികുതി | 1 | -- | 3 |
| 61 | സാങ്കേതിക വിദ്യാഭ്യാസം | 2 | 3 | -- |
| 62 | ട്രാവൻകൂർ ടൈറ്റാനിയം | 1 | 2 | 1 |
| 63 | വനിതാ വികസന കോർപ്പറേഷൻ | 1 | -- | -- |
| 64 | ബിവറേജസ് കോർപ്പറേഷൻ | -- | -- | 1 |
| 65 | കേരള ക്രിക്കറ്റ് അസോസിയേഷൻ | 1 | -- | 4 |
| 66 | ഭൂജലം | 1 | 8 | -- |
| 67 | സാംസ്കാരികം | -- | 1 | 1 |
| 68 | വിശാല കൊച്ചി വികസന അതോറിറ്റി | -- | -- | 2 |
| 69 | കൺസ്യൂമർ ഫെഡ് | -- | -- | 2 |
| 70 | കായികം | 2 | 5 | -- |
| 71 | കോളേജ് വിദ്യാഭ്യാസം | 2 | 0 | 2 |
| 72 | വഖഫ് ബോർഡ് | -- | -- | 2 |
| 73 | തൊഴിൽ | 1 | -- | -- |
| 74 | കേരള ഹൗസിംഗ് ബോർഡ് | 3 | 1 | 1 |
| 75 | സ്റ്റാറ്റിസ്റ്റിക്സ് | 1 | -- | -- |
| 76 | പുരാവസ്തു | 1 | 1 | 2 |
| 77 | ലോട്ടറി | 1 | 1 | -- |
| 78 | ഐ.എച്ച്.ആർ.ഡി. | -- | -- | 2 |